LIBRARY ARCHIVES Kerala Legislative Assembly

പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

250 (1622) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ജില്ലാതലത്തിൽ എത്രവീതമെന്ന് വിശദമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി ഒരു കോർപ്പറേഷനും 32 മുനിസിപ്പാലിറ്റികളും 69 ഗ്രാമപഞ്ചായത്തുകളും രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചവരുന്നു.

(ബി) പുതിയ മുനിസിപ്പാലിറ്റികളും കോർപ്പറേഷനും രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കണക്കാക്കിയിട്ടില്ല.

വീട്ടുകരം

251 (1623) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിമുക്ത ഭടൻമാർക്ക് അനുവദിച്ചു നൽകിയിട്ടുള്ള വീട്ടുകരം ഒഴിവിനെ സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരേ തരത്തിലല്ല ആയതു നടപ്പിലാക്കിയിരിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാൻ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വീട്ടുകരം ഒഴിവാക്കുന്നതിന് എല്ലാവർഷവും ഏപ്രിൽ 1 മുതൽ 10 വരെ എന്ന വ്യവസ്ഥ വിമുക്ത ഭടൻമാർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ ആയതിൽ ഇളവ് വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിമുക്ത ഭടൻമാർ/അവരുടെ ഭാര്യമാർ/വിധവകൾ/ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന തറവിസ്തീർണ്ണം 2,000 ചതുരശ്ര അടിയിൽ കവിയാത്ത ഒരു വീടിന് വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. കര, നാവിക, വ്യോമയാന വിഭാഗങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം അനുവദിക്കുന്നുള്ളൂ. ഒരിക്കൽ നികുതിയിളവ് ലഭിച്ചാലും ഓരോ സാമ്പത്തിക വർഷത്തിലും മേൽപ്പറഞ്ഞ നികുതിയിളവ് ലഭിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികാരിക്ക് പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. ഈ വിഷയത്തിൽ 2-7-2013-ൽ പുറപ്പെടുവിച്ച സ.ഉ. (എംഎസ്.) 242/2013/തസ്വഭവ നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിൽ ഇളവ് ആവശ്യപ്പെട്ട് ലഭിച്ച ധാരാളം പരാതികൾ സർക്കാർ 38814/ആർ.സി.2/13/തസ്വഭവ ഫയലിൽ വിശദമായി പരിശോധിക്കുകയും നിലവിൽ തദ്ദേശസ്വയംഭരണ സർക്കാരുകളുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലും, 2,000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണത്തിൽ വീട് വയ്ക്കുന്ന വിമുക്ത ഭടൻമാർ സമ്പന്ന വിഭാഗത്തിൽപ്പെടുന്നവരായതിനാലും, സർക്കാർ നൽകിയ ആനുകൂല്യം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലും നിലവിലെ ഉത്തരവ് പുനഃപരിശോധിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

പുറക്കാട് ഐ.ടി.ഐ. യ്ക്ക് പഞ്ചായത്ത് വക സ്ഥലം

252 (1624) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുറക്കാട് ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly